# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 758

30/06/2015-ൽ മറുപടിക്ക്

## മഴക്കാലത്ത് പകർച്ച വ്യാധികൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

എ) മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് ആരോഗ്യ വകുപ്പ് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുകയാണ്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗം കൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മപരിപാടികളെപ്പറ്റി ചർച്ച ചെയ്ത് അന്തിമ രൂപം നൽകി. ജില്ലാ തലത്തിലും നിയോജക മണ്ഡലാടിസ്ഥാനത്തിലും നഗരസഭ /പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനായോഗങ്ങൾ കൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതോടൊപ്പം വാർഡ്തല ആരോഗ്യ ശുചിത്വ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എൻ.എച്ച്.എം. ശുചിത്വ

| | |
|---|---|
| | മിഷൻ, തദ്ദേശഭരണ സ്ഥാപന ഫണ്ടുകൾ ലഭ്യമാക്കാനും തീരുമാനിച്ചു. മഴക്കാലത്തോട നുബന്ധിച്ച് പകർച്ചവ്യാധികൾ പൊട്ടിപ്പുറ പ്പെടുന്നത് തടയാനായി മഴക്കാല പൂർവ്വ ശുചീകരണത്തിനും കൊതുകിന്റെ ഉറവിട നശീകരണത്തിനും ജലശുദ്ധി ഉറപ്പാക്കാനും പലവിധ ക്യാമ്പെയിനുകൾ നടപ്പിലാക്കി.<br>1. കൊതുകിന്റെ ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നശിപ്പിക്കുന്ന ക്യാമ്പെയിൻ (ഏപ്രിൽ 20-22)<br>2) പ്ലാന്റേഷൻ ക്യാമ്പെയിൻ (ഏപ്രിൽ 27-29)<br>3) ക്ലീൻ ഓഫീസ് & ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പെയിൻ<br>4) സേഫ് വാട്ടർ ക്യാമ്പെയിൻ (മെയ് 14-16)<br>എന്നിവ എല്ലാ ജില്ലകളിലും നടത്തി.<br>ജൂൺ, ജൂലൈ മാസങ്ങളിൽ ആഴ്ചതോറും സ്കൂൾ, ഓഫീസ്, വീട് എന്നിവിടങ്ങളിൽ കൊതുക്, കൂത്താടി നശീകരണത്തിനായി ഡ്രൈ ഡേ ആചരിക്കുവാൻ നിർദ്ദേശം നൽകി. |
| ബി) പകർച്ച വ്യാധികൾ പടരുന്നത് തടയാൻ പ്രൈമറി തലത്തിൽ പ്രത്യേക മെഡിക്കൽ സംഘത്തെ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | ബി) പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടി ഒരു സംഘം പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ തുടങ്ങിയവർ പങ്കാളികളാണ്. ഇവരുടെ നേതൃത്വത്തിൽ ഊർജ്ജിതമായി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. |

| | |
|---|---|
| സി) ഏതെല്ലാം മരുന്നുകൾ സൗജന്യമായി നൽകുന്നതിന് സമാഹരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | സി) മഴക്കാലത്ത് പടർന്നു പിടിക്കുന്ന രോഗങ്ങൾക്കുവേണ്ട മരുന്നുകൾ ഉൾപ്പെടെ 232 മരുന്നുകൾ അടിയന്തിര പ്രാധാന്യം നൽകി സമാഹരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രിയിൽ വരുന്ന എല്ലാ രോഗികൾക്കും മരുന്നുകൾ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. മരുന്നുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ